**15 -ാം കേരള നിയമസഭ**

**8 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 6089** **17-03-2023 - ൽ മറുപടിയ്ക്ക്**

**കുറഞ്ഞ പലിശ നിരക്കിൽ കെ.എസ്.എഫ്.ഇ. വായ്പ പദ്ധതികൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീമതി കെ. കെ. ശൈലജ ടീച്ചർ | | ശ്രീ കെ എൻ ബാലഗോപാൽ<br>(ധനകാര്യ വകുപ്പ് മന്ത്രി) | |
| (എ) | സ്ത്രീകൾക്കായി കുറഞ്ഞ പലിശ നിരക്കിൽ സ്വർണവായ്പ ഉൾപ്പെടെയുള്ള കൂടുതൽ ആകർഷകമായ വായ്പ പദ്ധതികൾ കെ.എസ്.എഫ്.ഇ. നടപ്പിലാക്കി വരുന്നുണ്ടോ; എങ്കിൽ വിശദാംശം നൽകാമോ; | (എ) | അന്താരാഷ്ട്ര വനിതാ ദിനാഘോഷങ്ങളുടെ ഭാഗമായി 2023 മാർച്ച് 8 മുതൽ മാർച്ച് 31 വരെ വനിതകൾക്ക മാത്രമായി 100 സ്വർണ്ണനാണയങ്ങൾ സമ്മാനമായി നൽകുന്ന 'സമത' സ്വർണ്ണപ്പണയ വായ്പ എന്ന പേരിൽ ഒരു വായ്പാ പദ്ധതി നിലവിലെ പലിശ നിരക്കിൽ കെ.എസ്.എഫ്.ഇ ആരംഭിച്ചിട്ടുണ്ട്. |
| (ബി) | സംരംഭകത്വത്തിന് പ്രോത്സാഹനം നൽകുന്ന നടപടികളുടെ ഭാഗമായി യുവജനങ്ങൾക്ക് സ്വയംതൊഴിൽ ആരംഭിക്കുന്നതിനും സംരംഭം തുടങ്ങുന്നതിനും കുറഞ്ഞ പലിശ നിരക്കിൽ കെ.എസ്.എഫ്.ഇ. വായ്പ പദ്ധതികൾ നടപ്പിലാക്കുന്നുണ്ടോ; എങ്കിൽ വിശദാംശം നൽകാമോ? | (ബി) | നിലവിൽ അത്തരത്തിലുള്ള വായ്പാ പദ്ധതികൾ കെ.എസ്.എഫ്.ഇ യിൽ ഇല്ല. എന്നാൽ കോവിഡ് മൂലം ജോലി നഷ്ടപ്പെട്ട് തിരിച്ചെത്തിയ പ്രവാസികൾക്ക് സംരംഭങ്ങൾ ആരംഭിക്കുന്നതിനു നോർക്ക റൂട്ട്സുമായി ചേർന്ന് സബ്സിഡിയോട് കൂടി 5,00,000/- രൂപ വരെ വായ്പ നൽകുന്ന 'പ്രവാസി ഭദ്രതാ മൈക്രോ സ്കീം' എന്ന പദ്ധതി കെ.എസ്.എഫ്.ഇ നടപ്പിലാക്കിയിരുന്നു. പ്രസ്തുത പദ്ധതി മുഖേന 7936 പ്രവാസികൾക്കായി ഏകദേശം 378 കോടി രൂപയോളം വായ്പ വിതരണം ചെയ്തിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ